ഉത്തരം

(എ&ബി) കാലവർഷക്കെടുതിയിൽ നെന്മാറ മണ്ഡലത്തിലെ നെല്ലിയാമ്പതിയിലുണ്ടായ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ കിലോമീറ്റർ 18/600 ഭാഗത്തിന്റെ പുനർനിർമ്മാണത്തിന് 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകി പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

മുടങ്ങിക്കിടക്കുന്ന മരാമത്ത് ജോലികൾ

401 (1459) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്ത് മരാമത്ത് ജോലികൾ മുടങ്ങിക്കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്പീഡ് കേരള, കെ.എസ്.റ്റി.പി. രണ്ടാം ഘട്ടം, മിഷൻ 676, നവരത്നാ പദ്ധതികൾ, റോഡ് മെച്ചപ്പെടുത്തൽ എന്നിവയിൽ ഓരോന്നിലും എത്ര തുകയുടെ പദ്ധതികൾ വീതം മുടങ്ങിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അതിൽ എത്ര തുക കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്ത് മരാമത്ത് ജോലികൾ മുടങ്ങിക്കിടപ്പില്ല.

(ബി&സി) ബാധകമല്ല.

മണലൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന എൻ.എച്ച്. 66(17)-ലെ അറ്റകുറ്റപ്പണികൾ

402 (1460) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച്.66(17)-ൽ കി.മീ. 369/000-നും 395/000-നും ഇടയിൽ സ്ഥിരമായി മഴക്കാലത്ത് വെള്ളക്കെട്ട് രൂപം കൊള്ളുന്നതുമൂലം റോഡ് തകരുന്നതും ഗതാഗത തടസ്സം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു പരിഹരിക്കുന്നതിനായി ചാവക്കാട് പി.ഡബ്ല്യു.ഡി. എൻ.എച്ച്. സബ് ഡിവിഷൻ സമർപ്പിച്ച എസ്റ്റിമേറ്റിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ദേശീയ പാതയിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) IRQP പദ്ധതിയിൽ ഉൾപ്പെടുത്തി കിലോമീറ്റർ 369/000 മുതൽ 395/000 വരെയുള്ള എൻ.എച്ച്. 17-ന്റെ ഭാഗങ്ങളെല്ലാം റീസർഫസിംഗ് നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. വെള്ളക്കെട്ട് വരുന്ന ഭാഗങ്ങളിലെല്ലാം വെള്ളം ഒഴുകിപ്പോകാനാവശ്യമായ ഓടകൾ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

മിഷൻ 676-ഉം പൊതുമരാമത്ത് വകുപ്പും

403 (1461) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിൻകീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ഇവയോരോന്നിനും എത്ര തുക വീതം നീക്കിവച്ചിട്ടുണ്ട്; ബജറ്റ് വിഹിതത്തിനു പുറമേയാണോ ഇത് എന്ന് വിശദമാക്കുമോ;

(ബി) എല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണിയാരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം?

ഉത്തരം

(എ) കേരള സർക്കാരിന്റെ നവരത്ന പരിപാടിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ, സംസ്ഥാന ദേശീയ പാതകളുടെ വികസനം എന്നീ പദ്ധതികളും പതാക നൗകാ പദ്ധതിയിൽ ഉൾപ്പെടുന്ന സ്പീഡ് കേരള പദ്ധതിയുമാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കായി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സജ്ജമാക്കുകയും ഡി.എം.ആർ.സി.-യെ ജനറൽ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. എന്നാൽ ഭീമമായ സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാകുന്നതിനാൽ മോണോ റെയിൽ

LIBRARY ARCHIVES Kerala Legislative Assembly